ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: പത്തനംതിട്ട ജില്ലയിലെ വെരിഫിക്കേഷൻ നടപടികളും ഇതുവരെ പൂർത്തിയായിട്ടില്ലെന്നു മന്ത്രി ഇവിടെ പറഞ്ഞു. വളരെ സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പല പ്രക്ഷോഭണങ്ങളും സമരങ്ങളും ഒക്കെ നടന്ന സാഹചര്യത്തിൽ ജോയിന്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് കർഷകരുടെ വിവിധ സംഘടനകളെക്കൂടി ഉൾപ്പെടുത്തി ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി വളരെ വേഗത്തിൽ ജോയിന്റ് വെരിഫിക്കേഷൻ പ്രവർത്തനങ്ങളും പൂർത്തിയാക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ്: പത്തനംതിട്ട ജില്ലയിൽ പകുതി സ്ഥലങ്ങളിൽമാത്രമേ വെരിഫിക്കേഷൻ നടപടികളും പൂർത്തിയായിട്ടുള്ളൂ. ബാക്കിയുള്ള സ്ഥലങ്ങളിൽ തീർച്ചയായിട്ടും കൃഷിക്കാരുടെ അഭിപ്രായങ്ങളും പരിഗണിക്കുന്നതാണ്. എന്നാൽ വെരിഫിക്കേഷനെ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ തന്നെയായിരിക്കും അത് നടത്തുന്നത്.

(ചോദ്യം 72 ചോദിച്ചില്ല).

കളക്ഷൻ ബാറ

* 68 [73] ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, സി. വാസുദേവമേനോൻ:
,, പി. കെ. കെ. ബാവ:
,, കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളാ സ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നുമുതൽക്കാണ് കളക്ഷൻബാറ ഏർപ്പെടുത്തിയത്;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കോർപ്പറേഷൻ കളക്ഷൻബാറ ഏർപ്പെടുത്തിയത് എന്തു ലക്ഷ്യത്തോടെയായിരുന്നു;

(ഡി) ഈ ലക്ഷ്യം നേടാൻ കഴിയുന്നുണ്ടോ;

(ഇ) കളക്ഷൻ ബാറ ഏർപ്പെടുത്തിയതിനുശേഷം ശരാശരി വരുമാനം വർദ്ധിച്ചുവോ;

(എഫ്) ഉണ്ടെങ്കിൽ എത്ര വീതം;

(ജി) കളക്ഷൻ ബാറ ഇനത്തിൽ ജീവനക്കാർക്ക് കൊടുത്ത സംഖ്യ എത്ര ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ):

(എ). 15-2-1986 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ കളക്ഷൻ ബാറ ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങളടങ്ങിയ കെ. എസ്. ആർ. ടി. സി.യുടെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*

(സി) യാത്രാസൗകര്യം മെച്ചപ്പെടുത്തുവാനും കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുവാനും അധികവരുമാനത്തിന്റെ വിഹിതം തൊഴിലാളികൾക്ക് ലഭ്യമാക്കുവാനുംകൂടിയാണ് പരീക്ഷണാടിസ്ഥാനത്തിൽ കളക്ഷൻ ബാറ്റ ഏർപ്പെടുത്തിയത്.

(ഡി) ഉണ്ട്.

(ഇ, എഫ്, ജി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പരീക്ഷണാർത്ഥമാണ് ഇത്തരം ഒരു കളക്ഷൻ ബാറ്റ ഏർപ്പെടുത്തിയതെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിനെ സംബന്ധിച്ചിടത്തോളം ഇതേവരെയുള്ള പരീക്ഷണത്തിൽ പ്രയോജനമുള്ളതായി തെളിഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇതൊരു സ്ഥിരം ഏർപ്പാടായി മാറ്റുന്നതിനുവേണ്ട നടപടികളും സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇത് പരീക്ഷണാർത്ഥമാണ് ഏർപ്പെടുത്തിയത്. പരാതികളും വളരെ കുറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കളക്ഷൻബാറ്റാ സിസ്റ്റം സംസ്ഥാനത്ത് എല്ലാ ഭാഗത്തുമുണ്ടോ ഇല്ലെങ്കിൽ അത് എല്ലാ ഭാഗത്തും വ്യാപിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: എല്ലാ ഭാഗത്തും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. വാസുദേവമേനോൻ: കളക്ഷൻ ബാറ്റ എക്സ്പ്രസ് സർവ്വീസടക്കമുള്ള എല്ലാ സർവ്വീസുകൾക്കും ഏർപ്പെടുത്തിയിട്ടുണ്ടോ ? ഇത് കളക്ഷന്റെ എത്ര ശതമാനമാണ്? പ്രൈവറ്റ് സർവ്വീസുകാർ ഏർപ്പെടുത്തിയിട്ടുള്ളത് എത്ര ശതമാനമാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ? ഇതുവച്ച് നോക്കുമ്പോൾ കൂടതലാണോ കുറവാണോ? പ്രൈവറ്റ് സർവ്വീസുകാർ ഇതിൽ മൽസരിക്കുന്നതുകൊണ്ട് കളക്ഷൻബാറ്റയുടെ കാര്യത്തിൽ പ്രൈവറ്റ് സർവ്വീസുകാർ കൊടുക്കുന്നതുപോലെതന്നെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻനാടാർ: വളരെ കൊല്ലങ്ങളായി തൊഴിലാളികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ് കളക്ഷൻബാറ്റാ സമ്പ്രദായം. തൊട്ടടുത്ത സംസ്ഥാനങ്ങളിൽ കളക്ഷൻബാറ്റാ ഏർപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പരാതികൾ ഒഴിവാക്കാനും ജീവനക്കാരുടെ തൊഴിൽ കുറെ മെച്ചപ്പെടുത്തുവാനും സുഗമമായി പ്രവർത്തിക്കുന്നതിനുംവേണ്ടിയാണ് ഈ കളക്ഷൻബാറ്റാ പരീക്ഷണാർത്ഥം നടപ്പിലാക്കിയത്. എക്സ്പ്രസ്സിലും ഫാസ്റ്റ് പാസഞ്ചറിലും ഓർഡിനറി സർവ്വീസിലും സിറ്റി സർവ്വീസിലും ഇത് ഏർപ്പെടുത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവ മേനോൻ: മറ്റ് സംസ്ഥാനങ്ങളിലും ഇവിയെും നടത്തിയ പരീക്ഷണങ്ങളിലെല്ലാം ഇത് വളരെ വിജയപ്രദമാണെന്നുള്ളതു കൊണ്ടും പ്രൈവറ്റ് സർവ്വീസുകാർ മൽസരിക്കുന്നുവെന്നുള്ളതുകൊണ്ടും ഈ സമ്പ്രദായം എല്ലാ സർവ്വീസുകളിലും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? അതുപോലെതന്നെ പ്രൈവറ്റ് സർവ്വീസുകാർ കൊടുക്കുന്നത് കളക്ഷന്റെ എത്രശതമാനമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞില്ല. കളക്ഷൻ ബാറ്റായുടെ കാര്യത്തിൽ പ്രൈവറ്റ് സർവ്വീസുകാർ കൊടുക്കുന്നതുപോലെതന്നെ കൊടുക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: പ്രൈവറ്റ് ബസ്സിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാൻ കഴിയില്ല. എങ്കിലും കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചിടത്തോളം രണ്ട് സ്ലാബ് ഉണ്ട്. പരീക്ഷണാർത്ഥമുള്ള ഒന്നാണ്, സ്ഥിരമായ ഏർപ്പാടല്ല. ഇ. പി. കെ. എം. നാലര രൂപ മുതൽ ഏഴര രൂപ വരെ 10 ശതമാനവും ഏഴര രൂപമുതൽ മുകളിലോട്ട് 15 ശതമാനവും കണ്ടക്ടർക്കും ഡ്രൈവർക്കും 10 ശതമാനവും കളക്ഷൻ ബാറ്റ അനുവദിച്ചു. അതിൽ ചില നിബന്ധനകളും ഉണ്ട്. ഫുൾ ഷെഡ്യൂളും ഓപ്പറേറ്റ് ചെയ്തിരിക്കണം. ഒരു ട്രിപ്പുപോലും ക്യാൻസൽ ചെയ്യാൻ പാടില്ല. മുഴുവൻ ട്രിപ്പുകളും ഓടിക്കേണ്ടതാണ്. ഓർഡിനറി സർവ്വീസുകളിൽ അഞ്ചര രൂപ മുതൽ 10 ശതമാനം കളക്ഷൻ ബോണസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചറിനും എക്സ്പ്രസിനും ഏഴര രൂപ മുതലുള്ള നിബന്ധന നേരത്തെ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. കെ. കെ. ബാവ: ജീവനക്കാരുടെ താൽപര്യം, പരിരക്ഷ ഇവ ഉദ്ദേശിച്ചാണ് ഇങ്ങനെ കളക്ഷൻ ബാറ്റ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോഴും പറഞ്ഞു. അങ്ങനെയാണെങ്കിൽ കളക്ഷൻ ബാറ്റായുടെ അനുപാതം വർദ്ധിപ്പിക്കണമെന്ന ജീവനക്കാരുടെ ആവശ്യം പരിഗണിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഞാൻ നേരത്തെ പറഞ്ഞതാണിത്. ഇത് മൂന്ന് മാസത്തെ പരീക്ഷണം മാത്രമാണ്. അതു കഴിഞ്ഞാൽ വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. പി.കെ. കെ. ബാവ: കളക്ഷൻ ബാറ്റ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ? എങ്കിൽ അതുസംബന്ധിച്ച് സർക്കാർ നിലപാടെന്താണ്?

ശ്രീ. എൻ. സുന്ദരൻ നാടാർ: പരാതിയൊന്നും ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: കളക്ഷൻ ബാറ്റായുടെ ആനുകൂല്യം കെ. എസ്. ആർ. ടി. സി. യിലെ എത്രശതമാനം ജീവനക്കാർക്ക് ഇന്ന് ലഭിക്കുന്നുണ്ട്. മൊഫ്യൂസിൽ സർവ്വീസിൽ എത്രശതമാനം ലഭിക്കുന്നുണ്ട്. സിറ്റി സർവ്വീസിൽ ഉള്ളവർക്ക് എത്രശതമാനം ലഭിക്കുന്നുണ്ട് എന്ന് പറയാമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അതാണ് ഞാൻ നേരത്തെ പറഞ്ഞത് ഇത് ഒരു പരീക്ഷണമാണെന്ന്. സിറ്റി സർവ്വീസിൽ 15-2-1986 മുതൽ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ച പുതിയ പരീക്ഷണ പരിപാടിയാണിത്. മുഴുവൻ സർവ്വീസുകളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുവാൻ സമയമായില്ല. അതുകൊണ്ടാണ് മൂന്നുമാസത്തെ സമയം കൊടുത്തിട്ടുള്ളത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: എക്സ്പ്രസ് സർവ്വീസിൽ ഇ.പി. കെ. എം. ഏഴര രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്ക് മാത്രമാണ് ഈ കളക്ഷൻ ബാറ്റ അനുവദിച്ചിട്ടുള്ളത്. ആകെ എക്സ്പ്രസിൽ 45 സീറ്റാണുള്ളത്. ഒരു കിലോ മീറ്ററിന് 11 പൈസ വീതം 45 സീറ്റിന് കിട്ടുന്നത് നാലുരൂപ തൊണ്ണൂറ്റിഅഞ്ച് പൈസയാണ്. അതിനാൽ സത്യത്തിൽ അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല. എക്സ്പ്രസ് സർവ്വീസിലും ഫാസ്റ്റ് പാസഞ്ചറിലും ഈ ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ ഇത് ഭേദഗതിചെയ്യാൻ തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അതാണല്ലോ മൂന്ന് മാസത്തെ കാലാവധി വച്ചിട്ടുള്ളത്. അത് കഴിഞ്ഞാൽ ന്യായമായും മാറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഒ. ഭരതൻ: കെ. എസ്. ആർ. ടി. സി. യിൽ ഇന്ന് നിലവിലുള്ള അംഗീകൃത ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണോ ഈ കളക്ഷൻ ബാറ്റ സമ്പ്രദായം നടപ്പിലാക്കിയത്. കളക്ഷൻ ബാറ്റ സമ്പ്രദായം അശാസ്ത്രീയമാണെന്നും ട്രാൻസ്പോർട്ട് രംഗത്ത് നടപ്പിലാക്കാൻ പാടില്ലാത്തതാണെന്നും വിദഗ്ധൻമാരായിട്ടുള്ളവർ അഭിപ്രായ പ്രകടനങ്ങൾ നടത്തിയിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? കോഴിക്കോട് സഹകാര്യമേഖലയിൽ ഈയടുത്തകാലത്തുണ്ടായ എഗ്രിമെന്റനുസരിച്ച് കളക്ഷൻ ബാറ്റ സമ്പ്രദായം നിർത്തൽ ചെയ്ത വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: യൂണിയനുകൾ വളരെക്കാലം മുമ്പ് ആവശ്യപ്പെട്ടിരുന്നതാണിത്. ഇപ്പോൾ കളക്ഷൻ ബാറ്റ മാത്രമല്ല ഇൻസെന്റീവ് ബോണസ്, ക്യാഷ് അവാർഡ്, അഡ്വാൻസ് ഇൻക്രിമെന്റ് എന്നിവ അനുവദിച്ചിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ട്രാൻസ്പോർട്ടിൽ ഒരു അംഗീകൃത യൂണിയനെയുള്ളുവെന്ന വിവരം മന്ത്രിക്ക് അറിയാമല്ലോ? ആ ഒറ്റ അംഗീകൃത യൂണിയനെങ്കിലും ഈ കളക്ഷൻ ബാറ്റ നിറുത്തലാക്കണമെന്ന് എഴുതിതന്നിട്ടുണ്ടോ. കളക്ഷൻ ബാറ്റാ സമ്പ്രദായം തീരുമാനിക്കുന്നതിന് മുമ്പ് എന്റെ നിയോജക മണ്ഡലത്തിൽ പല സ്ഥലത്തും നിരവധി ഷെഡ്യൂളുകൾ നിറുത്തലാക്കിയിട്ടുണ്ട്. അത് പുനഃസ്ഥാപിക്കുന്നതിനും, കളക്ഷൻ ബാറ്റ സമ്പ്രദായം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ബഹുമാനപ്പെട്ട മെമ്പർ വിഷയത്തിൽ നിന്ന് ഒഴിഞ്ഞ് മാറുകയാണ്. കളക്ഷൻ ബാറ്റാ അഡ്വാൻസ് ഇൻക്രിമെന്റ്, ഇൻസെന്റീവ് ബോണസ് ഇവയൊക്കെകൊടുക്കണമെന്ന് യൂണിയൻ പല ഘട്ടങ്ങളിലും ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഗവൺമെന്റ് പരീക്ഷണാർത്ഥമാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്. മൂന്ന് മാസം കഴിയുമ്പോൾ വ്യക്തമായൊരു നിലപാട് സ്വീകരിച്ച് നല്ലൊരു അന്തരീക്ഷമുണ്ടാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: കളക്ഷൻ ബാറ്റ ഏർപ്പെടുത്തിയതിനു ശേഷം ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ്സുകളും ഉപയോഗിക്കുന്ന യാത്രക്കാരുടെയിടയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; അതോടൊപ്പം തന്നെ കളക്ഷൻ ബാറ്റ ഏർപ്പെടുത്തിയതിനുശേഷം ട്രാൻസ്പോർട്ട് കോർപ്പറേഷൻ അനുഭവിച്ചുകൊണ്ടിരുക്കുന്ന നഷ്ടം നികത്തുന്നതിന് എന്തെങ്കിലും അനുകൂലമായ പ്രതികരണം ഉണ്ടായിട്ടുണ്ടോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: വളരെ മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. ബസ്സ്റ്റോപ്പുകളിൽ ബസ്സുകളും നിറുത്തി ആളുകളെ കയറ്റുന്നില്ലെന്ന് മുൻകാലങ്ങളിലുണ്ടായിട്ടുള്ള നിരന്തരമായ പരാതി ഇന്ന് ഒഴിവായിട്ടുണ്ട്. കളക്ഷൻ വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞകൊല്ലം ഈ കാലയളവിൽ കിട്ടിയതിനേക്കാളും കൂടുതൽ കളക്ഷൻ ഇപ്പോളും കിട്ടിയിരിക്കുകയാണ്.

ശ്രീ. ഇ. പത്മനാഭൻ: എക്സ്പ്രസ് ബസ്സുകൾക്ക് കളക്ഷൻ ബാറ്റ സംപ്രദായം ഏർപ്പെടുത്തിയിട്ടുള്ള സ്ഥിതിക്ക് എക്സ്പ്രസ് ബസ്സുകളിലുംപ്പെടെ ഓവർലോഡ് കയറ്റണമെന്നാണോ കെ. എസ്. ആർ. ടി. സി. മാനേജ്മെൻറ് ഉദ്ദേശിക്കുന്നത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അങ്ങനെ ഉദ്ദേശിക്കുന്നില്ല. കളക്ഷൻ ബാറ്റ സമ്പ്രദായം ഏർപ്പെടുത്തിയത് പുതിയൊരു സംഭവമായിട്ടാണ്. വ്യക്തമായ കാഴ്ചപ്പാടും പ്രവർത്തന ശൈലിയും ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഇപ്പോളും ഇത് അനുവദിച്ചിട്ടുള്ളത്.

ശ്രീ. വി. ദിനകരൻ: കളക്ഷൻ ബാറ്റ ഏർപ്പെടുത്തിയതിന്റെ ലക്ഷ്യങ്ങളിൽ ഒന്ന് വരുമാനം വർദ്ധിപ്പിക്കുകയാണെന്നും ആ ലക്ഷ്യം കൈവരിക്കാൻ സാധിച്ചുവെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ ആലപ്പുഴയിൽ 2 ഡിപ്പോകളിൽ ഒരുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ വരുമാനമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 75,000 യായി കുറഞ്ഞിരിക്കുന്നു. ജീവനക്കാർ സഹകരിക്കാത്തതുകൊണ്ടാണോ അതോ ബസ്സുകളിൽ യാത്രചെയ്യാൻ യാത്രക്കാരില്ലാത്തത് കൊണ്ടാണോ ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: കളക്ഷൻ വർദ്ധിപ്പിക്കുക മാത്രമല്ല ഇതിന്റെ ലക്ഷ്യം. ആലപ്പുഴയുടെ കാര്യം ഇന്നലെ ഈ സഭയിൽ ഞാൻ അറിയിച്ചതാണ്.

ശ്രീ. എം. കെ. കേശവൻ: കളക്ഷൻ ബാറ്റ നിശ്ചയിച്ചപ്പോൾ ഇ.പി. കെ. എം. ഏഴര രൂപ മുതലുള്ള സർവ്വീസുകൾക്ക് കളക്ഷൻ ബാറ്റ കൊടുക്കണമെന്ന് തീരുമാനിച്ചു. ഒരു ബസ് ഒരു ദിവസം ഓടിയാൽ കിട്ടുന്ന വരുമാനത്തിന്റെ മുകളിൽ വരുന്ന വരുമാനത്തിനാണ് കളക്ഷൻ ബാറ്റ ഇപ്പോൾ കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ തീരുമാനിച്ചാൽ ഏതെങ്കിലും തൊഴിലാളിയെ സഹായിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ആ സഹായം, പ്രാവർത്തികമാവുകയില്ല. അത് പുനഃപരിശോധിക്കാമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇന്ന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സ്ഥിരമായ ഒന്നല്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കണ്ടക്ടർമാരായാലും ഡ്രൈവർമാരായാലും അവർക്ക് വേണ്ട സൗകര്യം ചെയ്തുകൊടുക്കുകയെന്നുള്ളതാണ് കോർപ്പറേഷന്റെ ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: നല്ലതുപോലെ ജോലി ചെയ്തു നല്ലതുപോലെ കളക്ഷൻ ഉണ്ടാക്കുന്ന, യാത്രക്കാരോടു നീതികാണിക്കുന്ന കണ്ടക്ടർമാരായാലും ഡ്രൈവർമാരായാലും അവർക്കു പ്രോൽസാഹനാർത്ഥം അഡ്വാൻസ് ഇൻക്രിമെന്റൊക്കെ വേണമെന്നു ചിലപ്പോഴും യൂണിയനുകളും ചോദിച്ചു കാണും. എന്നാൽ കളക്ഷൻബാറ്റ എന്നു പറയുന്ന സംവിധാനം മോട്ടാർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം പൊതുമേഖലയിലായാലും സഹകാര്യ മേഖലയിലായാലും തൊഴിലാളിക്കു ദോഷമാണ്. ആ സ്ഥാപനത്തിനു ദോഷമാണ്. വെയർ ആൻറ് റ്റെയർ വർദ്ധിപ്പിക്കുക, നാശനഷ്ടമുണ്ടാക്കുക, കോമ്പറ്റീഷൻ വർദ്ധിപ്പിക്കുക എന്നുള്ളതുകൊണ്ടു അതു ഒഴിവാക്കേണ്ടതാണു എന്നു പരക്കെ അംഗീകരിക്കപ്പെട്ട തത്വം തൊഴിലാളി പ്രസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണെന്നു ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ടോ? അതിനനുസരിച്ചു ഒരു പുനഃപരിശോധന നടത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അതു ശരിയല്ല. മൂന്നു മാസം കഴിഞ്ഞിട്ടെ ഗവൺമെൻറ് ഇതിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാക്കണമെന്നുള്ളതിനെപ്പറ്റി ആലോചിക്കുകയുള്ളു.

ശ്രീ. കെ. ടി. കുമാരൻ: കളക്ഷൻ ബാറ്റകൊണ്ടു സാമ്പത്തികമായി ഗുണകരമായിട്ടുള്ള മാറ്റം വന്നിട്ടുണ്ടു്. എന്നു ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുകയുണ്ടായി. എന്നാൽ ഇന്നു അതിലെ ജോലിക്കാർക്കു മാസാമാസം കൊടുക്കേണ്ട ശമ്പളം രണ്ടുമൂന്നു ഗഡുക്കളായിട്ടാണു കൊടുക്കുന്നതു എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ അതു കൃത്യമായി കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അതു കൃത്യമായി കൊടുക്കുന്നുണ്ടു്. ഇതു ഈ ഗവൺമെൻറ് വന്നതിനു ശേഷമുണ്ടായ തകർച്ചയല്ല. മുൻകാലങ്ങളിലുണ്ടായിരുന്ന എല്ലാ ഗവൺമെൻറുകളും നടത്തിയതിന്റെ പരിണത ഫലമായിട്ടാണു ഇന്നു ഈ പ്രയാസമനുഭവിക്കുന്നതു്.

ശ്രീ. ഒക. മൂസ്സക്കുട്ടി: കോഴിക്കോടു ജില്ലയിൽ ട്രാഫിക് അപകടങ്ങൾ വർദ്ധിച്ചു വന്നതിന്റെ ഫലമായിട്ടാണു തൊഴിലാളി യൂണിയനുകൾ മുൻകൈയെടുത്തു സഹകാര്യ മേഖലയിൽ കളക്ഷൻബത്ത അവസാനിപ്പിക്കണമെന്നു തീരുമാനിച്ചിട്ടുള്ളതു്. എന്നാൽ ഉടൻതന്നെ കെ. ഐസ്. ആർ. ടി.സി. യിൽ കളക്ഷൻബത്ത വയ്ക്കുകയും അതിന്റെ പേരിൽ സിറ്റിയിൽ ചില അപകടങ്ങൾ ഉണ്ടാകുകയും ചെയ്തു. അതു മാത്രമല്ല, കോഴിക്കോടു ബത്തേരി റൂട്ടിൽ 14,000—ൽപരം രൂപ ദിവസംപ്രതി കുറഞ്ഞുവരികയും ചെയ്യുന്ന വസ്തുത മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു അശാസ്ത്രീയമാണു, കോർപ്പറേഷനു നഷ്ടമാണു, നിലവിലുള്ള ബസ്സുകളും ഷെഡ്യൂളും ക്യാൻസൽ ചെയ്തു ഈ രൂപത്തിൽ ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന നടപടി അവസാനിപ്പിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ബസ്സുകളും ഷെഡ്ഡിൽ കയറ്റുന്നതും ഇതുമായി ബന്ധമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. സി. ഷൺമുഖദാസ്: കളക്ഷൻ ബത്ത വന്നതിനുശേഷം വളരെ അപകടങ്ങളുണ്ടാകുന്നു, ഈ ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്.

മി. സ്പീക്കർ: ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഉണ്ടെന്നു പറയൂ.

[ശ്രീ. എൻ. സുന്ദരൻ നാടാർ: ഈയടുത്ത കാലങ്ങളിൽ അപകടങ്ങളുണ്ടാകുന്നു. വാഹനങ്ങളുടെ വർദ്ധനവുകൊണ്ടും, ചില തകരാറുകൊണ്ടുമാണ് അങ്ങനെയുണ്ടാകുന്നത്. അതേക്കുറിച്ച് അതാത് സന്ദർഭങ്ങളിൽ നടപടികളുമെടുക്കുകയാണ്.

[ശ്രീ. ലോനപ്പൻ നമ്പാടൻ: ട്രാൻസ്പോർട്ടിലെ ജീവനക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യൂണിഫോറം നൽകിയിട്ടില്ലാത്തതിനാൽ അവർ അസംതൃപ്തരാണെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[ശ്രീ. എൻ. സുന്ദരൻ നാടാർ: യൂണിഫോറം കൊടുക്കുന്നില്ല എന്നുള്ള പരാതി വന്നിട്ടുണ്ട്. അത് അവർക്ക് അനുവദിച്ചിട്ടുമുണ്ട്. അങ്ങയുടെ കാലത്ത് എന്തൊക്കെ നടന്നു എന്നുള്ളത് അങ്ങ് ഒരു ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും.

[ശ്രീ. ടി. എസ്. ജോൺ: കളക്ഷൻ ബാറ്റ തുടങ്ങിയത് 15-2-1986-ൽ ആണ്. അതിനു മുമ്പുള്ള കളക്ഷനും ഇപ്പോഴുള്ള കളക്ഷനും തമ്മിൽ ഉള്ള വ്യത്യാസമെന്താണ്? ശരാശരി കളക്ഷൻബാറ്റ ഇനത്തിൽ കോർപ്പറേഷൻ എത്ര രൂപ തൊഴിലാളികൾക്ക് കൊടുക്കുന്നു? അഞ്ചര രൂപ ഓർഡിനറി ബസ്സിനും ഏഴര രൂപ ഫാസ്റ്റ് പാസ്സഞ്ചർ ബസിനും ആക്കിയിരിക്കുന്നതിന്റെ അടിസ്ഥാനം എന്താണ്? സീറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ കളക്ഷൻബാറ്റ നിശ്ചയിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? അല്ലെങ്കിൽ തൊഴിലാളികൾ ആവശ്യപ്പെടാത്ത ഈ കളക്ഷൻ ബാറ്റ തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

[ശ്രീ. എൻ. സുന്ദരൻ നാടാർ: കളക്ഷൻബാറ്റ ഏർപ്പെടുത്തിയതുതന്നെ ഒരു പരീക്ഷണമെന്ന നിലയിലാണ്. ഇത് വ്യക്തമായി നമുക്ക് ഒരു ലക്ഷ്യത്തിലേക്ക് എത്തുന്നതിനുവേണ്ടി മൂന്നുമാസത്തെ പരീക്ഷണം കഴിയുമ്പോൾ മാത്രമേ ഇതേക്കുറിച്ച് തീരുമാനിക്കാനൊക്കൂ.

[ശ്രീ. ടി. എസ്. ജോൺ: സർ, ഞാൻ ചോദിച്ച ചോദ്യത്തിന് വ്യക്തമായ മറുപടി കിട്ടിയില്ല. 15-2-1986-ൽ ആണ് ഇത് നടപ്പിലാക്കിയത്. അതിനുമുമ്പും അതിനു ശേഷവും ഉള്ള കളക്ഷൻ തമ്മിലുള്ള വ്യത്യാസമെത്ര? ശരാശരി ഒരു ദിവസം കളക്ഷൻബാറ്റ ഇനത്തിൽ എത്ര രൂപ തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ട്?

[ശ്രീ. എൻ. സുന്ദരൻ നാടാർ: കഴിഞ്ഞ ഏപ്രിൽ ഇതേ കാലയളവിൽ ഇരുപത്തിമൂന്നും ഇരുപത്തിനാലും ലക്ഷം രൂപ കളക്ഷനുണ്ടായിരുന്നത് ഇപ്പോൾ മുപ്പതും മുപ്പത്തിയൊന്നും ലക്ഷമായി. കളക്ഷൻബാറ്റ എത്ര

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് കൊടുത്തു എന്ന് ഇപ്പോൾ വ്യക്തമായി പറയാൻ കഴിയുന്നില്ല എങ്കിലും സിറിയെ സംബന്ധിച്ചിടത്തോളം വളരെയധികം ഷെഡ്യൂളിലുള്ള കണ്ടക്ടേഴ്സിനും ഡ്രൈവേഴ്സിനും കളക്ഷൻബാറ്റ കൊടുക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടോ ?.

ശ്രീ. ടി. എസ്. ജോൺ: പറഞ്ഞ ഉത്തരം ശരിയല്ല. 1–3–1985–ൽ ഒരു ദിവസത്തെ കളക്ഷൻ പതിമൂന്നു ലക്ഷം രൂപയാണ്. 1–3–1986–ൽ 28 ലക്ഷം രൂപയായി. അങ്ങ് കളക്ഷന്റെ കാര്യം പറഞ്ഞതുപോലും ശരിയല്ല. അറിയാൻവയ്യെങ്കിൽ അതു പറയണം. എത്ര രൂപ ഒരു ദിവസം ശരാശരി കളക്ഷൻബാറ്റ ഇനത്തിൽ തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ട്? കളക്ഷൻബാറ്റ ആരംഭിച്ചതിനുശേഷം ശരാശരി ഒരു ദിവസം എത്ര രൂപ കളക്ഷൻ വർദ്ധിച്ചിട്ടുണ്ട്? ഇത്രയും പഠിച്ചുകൊണ്ടുവരണം, അറിയാൻ വയ്യാ എങ്കിൽ അത് പറയണം.

ശ്രീ. എൻ. സുന്ദരൻ നാടാർ: അത് ഞാൻ തീരുമാനിക്കാം. എന്നെ ഉപദേശിക്കുകയൊന്നും വേണ്ട. അങ്ങും ഈ സഭയിൽ ഇതിനുമുമ്പ് ഒരു മന്ത്രിയായിരുന്നിട്ടുള്ള ആളാണ്. ചോദ്യം എന്താണെന്നും മറുപടി എങ്ങനെ വ്യക്തമായി പറയണമെന്നും എനിക്കറിയാം. 15–2–1986–ൽ ആണ് ഇത് ഏർപ്പാട് ചെയ്തത്. കളക്ഷൻ വർദ്ധിച്ചിട്ടുണ്ട്. വ്യക്തമായി പറയാൻ ഇപ്പോൾ കിട്ടിയ വിവരം അനുസരിച്ച് കഴിയുകയില്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങ് ഇവിടെ കളക്ഷൻ ബാറ്റ ഏർപ്പെടുത്തിയത് കളക്ഷൻ കൂട്ടാനല്ല എന്നു പറഞ്ഞു. കളക്ഷൻബാറ്റ ഏർപ്പെടുത്തിയത് കളക്ഷൻ കൂട്ടാനല്ലെങ്കിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞതിനുശേഷം ബസ്സുകളുടെ ആക്സിഡന്റ് കൂടിയതുകൊണ്ട് അങ്ങനെ ആക്സിഡന്റ് കൂട്ടാനാണോ ഇത് ഏർപ്പെടുത്തിയത്?

ശ്രീ. എൻ. സുന്ദരൻ നാടാർ: കളക്ഷൻ ബാറ്റ കളക്ഷൻ കൂട്ടാനല്ല എന്നു ഞാൻ പറയുന്നില്ല. കളക്ഷൻ വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ പൊതുജനങ്ങളും ജീവനക്കാരും തമ്മിൽ കൂടുതൽ സൗഹാർദ്ദമായി പോകുന്നതിനും, സുഗമമായി പ്രവർത്തിക്കുന്നതിനും ഒരു പരീക്ഷണമെന്നുള്ള നിലയിൽ ആണ് ഇത് ഇപ്പോൾ ഏർപ്പാട് ചെയ്തത്.

റീസർവ്വെ

*69 [74] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, കെ. പി. രാമൻ:
,, പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വെക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് എത്ര കോടി രൂപ അനുവദിച്ചു;

(ബി) അതിൽ എത്ര കോടി രൂപ ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly